"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. ഷാജഹാൻ.എം ഫയൽ ചെയ്ത OA(EKM) 1579/2022 നമ്പർ കേസിന്റെ 25.10.2022 ലെ ഉത്തരവ് നടപ്പിലാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.219/2023/F&WLD തീയതി,തിരുവനന്തപുരം, 05-06-2023.

---

പരാമർശം:-

1. ശ്രീ. ഷാജഹാൻ.എം. സമർപ്പിച്ച 13.12.2021 ലെ അപേക്ഷ.
2. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 19.04.2022 ലെ ഡി1-232428/22 നമ്പർ കത്ത്.
3. 06.09.2022 ലെ എഫ്3/122/2022/വനം നമ്പർ കത്ത്.
4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) 1579/2022 നമ്പർ കേസിൻമേലുള്ള 25.10.2022 ലെ ഉത്തരവ്.

**ഉത്തരവ്**

വനം വകുപ്പിലെ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. ഷാജഹാൻ.എം ഫയൽ ചെയ്ത OA(EKM) 1579/2022 നമ്പർ കേസിൻമേൽ, ടിയാൻ സർക്കാരിൽ സമർപ്പിച്ചിരുന്ന Annexure A7 അപേക്ഷ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

2. തമിഴ് മാതൃഭാഷയായി സംസാരിക്കുന്ന ജില്ലകളിൽ/പ്രദേശങ്ങളിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് KS&SSR ഭാഗം II ചട്ടം 9 (d) പ്രകാരം സ്ഥാനക്കയറ്റത്തിന് പരിഗണിക്കണമെന്നാണ് പരാമർശം (1) ലെ അപേക്ഷയിൽ (Annexure A7) അപേക്ഷകൻ ആവശ്യപ്പെട്ടിരുന്നത്. നിലവിൽ തമിഴ് ഭാഷാ പരിജ്ഞാനമുള്ള റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ അഭാവത്തിൽ ഭരണപരമായ പ്രതിസന്ധികൾ ഒന്നും തന്നെ വനം വകുപ്പിൽ ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും അത്തരത്തിലുള്ള ഒരു സാഹചര്യം ഉണ്ടാകുന്ന പക്ഷം ഔട്ട് ഓഫ് ടേൺ സ്ഥാനക്കയറ്റം നൽകാതെ തന്നെ നിയമിക്കുവാൻ തമിഴ് ഭാഷാ പരിജ്ഞാനമുള്ള റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ നിലവിലുണ്ടെന്നും തമിഴ് ഭാഷാ പരിജ്ഞാനമുള്ള റേഞ്ച് ഫോറസ്റ്റ് ഓഫീസർ ആവശ്യമുള്ള പക്ഷം ശ്രീ. എം. ഷാജഹാനെക്കാൾ സീനിയറായ തമിഴ് ഭാഷാ പരിജ്ഞാനമുള്ള ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ നിലവിലുണ്ടെങ്കിൽ അവരെ പരിഗണിച്ച ശേഷം മാത്രമേ ടിയാനെ പരിഗണിക്കുവാൻ കഴിയുകയുള്ളൂ എന്നും ശ്രീ.ഷാജഹാനെതിരെ ചേലക്കര പോലീസ് സ്റ്റേഷനിൽ കേസുകൾ നിലവിലുള്ളതും ഗുരുതരമായ കൃത്യവിലോപത്തിന് രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിത പ്രാബല്യത്തോടെ തടയുന്നതിന് താൽക്കാലികമായി തീരുമാനിച്ച് കുറ്റാരോപണ പത്രിക നൽകിയിട്ടുള്ളതുമാണെന്നും ആയതിനാൽ ശ്രീ.ഷാജഹാൻ.എം സമർപ്പിച്ച അപേക്ഷ പരിഗണനാർഹമല്ല എന്നും പരാമർശം (2) പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്

കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. 2010 ലെ കേരള ഫോറസ്റ്റ് സ്റ്റേറ്റ് സർവീസ് റൂൾ അടിസ്ഥാനമാക്കിയാണ് റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് നിയമനം നൽകുന്നത്. പ്രസ്തുത റൂൾ പ്രകാരം ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ളവർക്കായി പ്രത്യേക തസ്തിക വിഭാവനം ചെയ്തിട്ടില്ല. മാത്രവുമല്ല, നിലവിൽ തമിഴ് ഭാഷാ പരിജ്ഞാനമുള്ള റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ അഭാവത്തിൽ ഭരണപരമായ പ്രതിസന്ധികൾ ഒന്നും തന്നെ വനം വകുപ്പിൽ റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതാണ്. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീ. ഷാജഹാൻ.എം. സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള അപേക്ഷ പരിഗണിക്കേണ്ടതില്ല എന്ന് പരാമർശം (3) പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ, ശ്രീ. ഷാജഹാൻ സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള Annexure A7 അപേക്ഷ നിരസിച്ചു കൊണ്ടും അപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (4) പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

ശ്രീ. ഷാജഹാൻ.എം, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ, കവല ഫോറസ്റ്റ് സ്റ്റേഷൻ, ചിമ്മിണി റേഞ്ച്, പീച്ചി വൈൽഡ് ലൈഫ് ഡിവിഷൻ, തൃശ്ശൂർ-680001.

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad S
Date: 05-06-2023 12:38:27